**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4043** — **12/12/2018-ൽ മറുപടിക്ക്**

## ഹോമിയോപ്പതിയുടെ സമഗ്രവികസനം

**ചോദ്യം**

ശ്രീ.എ.എം.ആരിഫ്
ശ്രീ.കെ.ആൻസലൻ
ശ്രീ.എം.മുകേഷ്
ശ്രീ.യു.ആർ.പ്രദീപ്

**മറുപടി**

ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഹോമിയോപ്പതിയുടെ സമഗ്രവികസനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | ഹോമിയോപ്പതിയുടെ സമഗ്രവികസനത്തിനായി ആവിഷ്കരിക്കപ്പെട്ട് നടപ്പിലാക്കിവരുന്ന നൂതന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഹോമിയോപ്പതി വകുപ്പിന്റെ ആധുനികവത്ക്കരണത്തിനും ഹോമിയോ ആശുപത്രികളെ എൻ.എ.ബി.എച്ച് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും ഹോമിയോ ഡിസ്പെൻസറികളെ നവീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) | 2018-19 വാർഷിക പദ്ധതി പ്രകാരം ഹോമിയോപ്പതി വകുപ്പിന്റെ ആധുനികവത്ക്കരണത്തിനും നിലവാരം മെച്ചപ്പെടുത്തലിനുമായി 750 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ ഹോമിയോപ്പതി സ്ഥാപനങ്ങളുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾക്കായി 290 ലക്ഷം രൂപയും 14 ജില്ലാ ഹോമിയോ ആശുപത്രികളെ എൻ.എ.ബി.എച്ച്. നിലവാരത്തിൽ ഉയർത്തുന്നതിനായി ഈ വർഷം 70 ലക്ഷം രൂപയും കഴിഞ്ഞ വർഷം 140 ലക്ഷം രൂപയും ഉൾപ്പെടെ 210 ലക്ഷം രൂപയും ഹോമിയോ ഡിസ്പെൻസറികളെ മോഡൽ ഹോമിയോ ഡിസ്പെൻസറികളാക്കി ഉയർത്തുന്നതിനും നിലവിലുള്ള മോഡൽ ഹോമിയോ ഡിസ്പെൻസറികളെ ശക്തിപ്പെടുത്തുന്നതിനുമായി 42 ലക്ഷം രൂപയും ആധുനിക വത്ക്കരണത്തിന്റെ ഭാഗമായി ഹോമിയോപ്പതി വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിൽ വരുത്തുന്നതിനായി 43.40 ലക്ഷം രൂപയും, ആശുപത്രിയിൽ ക്ലിനിക്കൽ ലാബ് സ്ഥാപിക്കുന്നതിന് 25 ലക്ഷം രൂപയും, പുതിയ ജില്ലാ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെ 151.85 ലക്ഷം രൂപയും അനുവദിക്കപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര സർക്കാർ ഹോമിയോ ആശുപത്രി, ആലപ്പുഴ ജില്ലയിലെ കായംകുളം സർക്കാർ ഹോമിയോ ആശുപത്രി, കോട്ടയം ജില്ലാ ഹോമിയോ ആശുപത്രി എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ക്ലിനിക്കൽ ലാബുകൾ ആരംഭിച്ചു. രോഗീ സൗഹൃദമായ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടും മറ്റ് ഭൗതിക സൗകര്യങ്ങൾ |

| | | | |
|---|---|---|---|
| | | | കൂടുതൽ മെച്ചപ്പെടുത്തിക്കൊണ്ടും 42 ഹോമിയോ ഡിസ്പെൻസറികളെ മാതൃകാ സർക്കാർ ഹോമിയോ ഡിസ്പെൻസറികളായി അപ്ഗ്രേഡ് ചെയ്തു. 14 ജില്ലാ ഹോമിയോ ആശുപത്രികളെ എൻ.എ.ബി.എച്ച് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. രോഗികൾക്ക് സമഗ്ര ചികിത്സ ലഭിക്കുന്നതിനായി യോഗ, പ്രകൃതിജീവനം, ഹോമിയോപ്പതി എന്നീ സമ്പ്രദായങ്ങളെ സമന്വയിപ്പിച്ചുകൊണ്ടുള്ള ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ (ആയുഷ്മാൻഭവഃ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആരംഭിച്ചു. ക്യാൻസർ സാന്ത്വന പരിചരണത്തിനും ചികിത്സയ്ക്കുമായി സംസ്ഥാനത്തെ എല്ലാ ജില്ലാ ഹോമിയോ ആശുപത്രികളിലും സാന്ത്വന പരിചരണ കേന്ദ്രങ്ങൾ ആരംഭിച്ചു.<br>സുസജ്ജമായ ഫിസിയോതെറാപ്പി യൂണിറ്റോടു കൂടിയ ജെറിയാട്രിക് കെയർ സെന്ററുകൾ തിരുവനന്തപുരം, ആലപ്പുഴ, കൊല്ലം, വയനാട്, കോട്ടയം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ ആരംഭിച്ചു. ആലപ്പുഴ ജില്ലയിലെ കുട്ടനാട്, ഹരിപ്പാട്, ചമ്പക്കുളം തുടങ്ങിയ തീരദേശമേഖലകളിലെ രോഗികൾക്കായി ഫ്ലോട്ടിംഗ് ഹോമിയോ ഡിസ്പെൻസറികൾ ആരംഭിച്ചു. കൂടാതെ വിവിധ ജില്ലകളിൽ വ്യത്യസ്ത രോഗങ്ങൾക്കായുള്ള ഹോമിയോപ്പതി സ്പെഷ്യാലിറ്റി ക്ലിനിക്കുകളും ആരംഭിച്ചു. കുട്ടികളുടെ ശാരീരിക/ മാനസിക പ്രശ്ന പരിഹാരത്തിനായി എല്ലാ ജില്ലകളിലും അഡോളസെന്റ് ഹെൽത്ത് കെയർ & ബിഹേവിയറൽ മാനേജ്മെന്റ് പ്രോഗ്രാം ആരംഭിച്ചു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സ്ത്രീകളുടെ ആരോഗ്യം, സ്ത്രീ സുരക്ഷ എന്നിവ ഉറപ്പു വരുത്തുന്നതിനോടൊപ്പം കൗൺസിലിംഗ് കൂടി നൽകുന്ന സ്ത്രീ സാന്ത്വന പദ്ധതിയായ സീതാലയം എല്ലാ ജില്ലകളിലും ആരംഭിച്ചു.<br>ഓരോ ജില്ലയിലെയും തെരഞ്ഞെടുക്കപ്പെട്ട ഡിസ്പെൻസറികളെ KASH (Kerala Accreditation Standards for Ayush Hospitals) നിലവാരത്തിൽ ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അതിനായി ക്വാളിറ്റി അഷ്വറൻസ് കമ്മറ്റികൾ സംസ്ഥാനതലത്തിലും ജില്ലാ തലങ്ങളിലും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത കമ്മറ്റികളുടെ നേതൃത്വത്തിൽ സ്ഥാപനങ്ങളിലെ ഗ്യാപ്പ് അനലൈസിസും ക്വാളിറ്റി ഇവാല്യൂയേഷനും നടന്നു വരുന്നു. |
| (സി) | ഹോമിയോ മരുന്നുകളുടെ നിർമ്മാണവും വിതരണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഹോംകോ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ? | (സി) | ഹോമിയോ മരുന്നുകളുടെ നിർമ്മാണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഷിഫ്റ്റുകളുടെ ആവൃത്തി വർദ്ധിപ്പിക്കുകയും കൂടുതൽ തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചു വരികയും ചെയ്യുന്നു. ഹോംകോയിൽ നിലവിലുള്ള കെട്ടിടത്തിൽ തന്നെ ഉത്പാദനം കാര്യക്ഷമമാക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തി ലെത്തിയിട്ടുള്ളതും ആലപ്പുഴ വലിയ കലവൂരിൽ ഹോംകോയുടെ പുതിയ യൂണിറ്റിന്റെ നിർമ്മാണം അടുത്ത സാമ്പത്തിക വർഷം പൂർത്തിയാക്കുന്നതോടെ കൂടുതൽ പുരോഗതി കൈവരിക്കാനാകുന്നതുമാണ്. |

സെക്ഷൻ ഓഫീസർ.

# അനുബന്ധം

## ഹോമിയോപ്പതിയുടെ സമഗ്രവികസനത്തിനായി ആവിഷ്കരിക്കപ്പെട്ട് നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ

### കാൻസർ സാന്ത്വന പരിചരണ കേന്ദ്രങ്ങൾ (പെയ്ൻ & പാലിയേറ്റീവ് കെയർ സെന്ററുകൾ)

മലപ്പുറം ജില്ലയിലെ വണ്ടൂരിൽ ക്യാൻസർ ചികിത്സയ്ക്കും സാന്ത്വന പരിചരണത്തിനും മറ്റുമായി ചേതന എന്ന പേരിൽ 10 കിടക്കകളോടു കൂടിയ ഒരു ക്യാൻസർ പെയിൻ &പാലിയേറ്റീവ് കെയർ സെന്റർ ഒട്ടനവധി ക്യാൻസർ രോഗികൾക്ക് സാന്ത്വനവും പരിചരണവും സൗഖ്യവും നൽകി വരുന്നു. അഭൂതപൂർവ്വമായി വർദ്ധിച്ചുവരുന്ന ഭീഷണമായ ക്യാൻസർ എന്ന വിപത്തിനെ പ്രതിരോധിയ്ക്കുന്നതിനും സാന്ത്വന ചികിത്സയ്ക്കുമായി സംസ്ഥാനത്തെ മറ്റെല്ലാ ജില്ലാ ആശുപത്രികളിലും പ്രത്യേകമായി സാന്ത്വന പരിചരണ കേന്ദ്രങ്ങൾ ആരംഭിച്ചു. ഈ സെന്ററുകളിലൂടെ ക്യാൻസർ സാന്ത്വന പരിചരണവും ചികിത്സയും നൽകി വരുന്നു.

### ആധുനിക ജീവിതശൈലി രോഗപ്രതിരോധത്തിനും ചികിത്സയ്ക്കുമുള്ള ആയുഷ് ഹോളിസ്റ്റിക് ചികിത്സാ കേന്ദ്രങ്ങൾ (ആയുഷ്മാൻ ഭവ:)

ഹോമിയോപ്പതി ചികിത്സാ സമ്പ്രദായത്തോടൊപ്പം യോഗ, പ്രകൃതി ജീവനം തുടങ്ങിയ ഇതര ചികിത്സാ സമ്പ്രദായങ്ങളെക്കൂടി സംയോജിപ്പിച്ചുകൊണ്ട് ആധുനിക ജീവിതശൈലീ രോഗങ്ങളായ ക്യാൻസർ, പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ, പക്ഷാഘാതം, ഗർഭാശയ രോഗങ്ങൾ തുടങ്ങിയവയ്ക്കുള്ള ചികിത്സയും ആതുര സേവനവും പൊതുജനങ്ങൾക്ക് ഈ ആയുഷ്മാൻഭവ: കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു.

### വനിതാ ആരോഗ്യ സുരക്ഷാ – സാന്ത്വന പദ്ധതി (സീതാലയം)

സമൂഹത്തിൽ യാതന അനുഭവിക്കുന്ന സ്ത്രീകളുടെ സാമൂഹ്യ സുരക്ഷ, സമത്വം, ആരോഗ്യ പരിപാലനം, മനോശാന്തി എന്നിവ ലക്ഷ്യമാക്കി ഹോമിയോപ്പതി വകുപ്പ് സ്ത്രീകൾക്ക് മാത്രമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന സ്ത്രീ സാന്ത്വന പദ്ധതിയാണ് – സീതാലയം. ഈ പദ്ധതിയിലൂടെ അവരുടെ ആരോഗ്യ പരിപാലനത്തോടൊപ്പം ഇതര വകുപ്പുകളുടെ സഹകരണത്തോടെയുള്ള സുരക്ഷ, അവകാശ സംരക്ഷണം എന്നിവ ഉറപ്പ് വരുത്തുന്നു. മാനസിക പ്രശ്നങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്ക് മനോരോഗ വിദഗ്ദർ കൗൺസിലിങ്ങ് നൽകുന്നു.സീതാലയം സെന്ററുകളോടനുബന്ധിച്ച് അനപത്യതാ ദു:ഖം പേറുന്ന ദമ്പതിമാർക്ക് കുട്ടികളുണ്ടാകാനുള്ള ചികിത്സ നൽകുന്ന മദർ & ചൈൽഡ് കെയർ സെന്ററുകളും, മദ്യപാനം/ പുകവലി/ലഹരി ആസക്തികൾക്ക് വിധേയരായവരെ ലഹരി വിമോചന ക്ലിനിക്കുകളും (ഡി-അഡിക്ഷൻ സെന്ററുകൾ) പ്രവർത്തിച്ചു വരുന്നു. സീതാലയം പദ്ധതിയുടെ സേവനം എല്ലാ ജില്ലാ ഹോമിയോ ആശുപത്രികളിലും ഇപ്പോൾ ലഭ്യമാണ്.

### വയോജന പരിപാലന കേന്ദ്രങ്ങൾ

വയോജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനും, വാർദ്ധക്യകാല രോഗ പരിചരണങ്ങൾക്കും, ചികിത്സയ്ക്കുമായി ഫിസിയോ തെറാപ്പി യൂണിറ്റോടു കൂടിയ സുസജ്ജമായ ജെറിയാട്രിക് കെയർ സെന്ററുകൾ എല്ലാ ജില്ലാ ആശുപത്രികളോടനുബന്ധിച്ചും പ്രവർത്തിച്ചു വരുന്നു. ഈ കേന്ദ്രങ്ങളിലൂടെ വയോജനങ്ങൾക്ക് വേണ്ട എല്ലാവിധ ആതുര സേവനങ്ങളും സാന്ത്വന പരിചരണവും, ചികിത്സയും സൗജന്യമായി നൽകി വരുന്നു.

**കൗമാര ആരോഗ്യപരിചരണ / പെരുമാറ്റ വൈകല്യ പരിഹാര പദ്ധതി (സദ്ഗമയ)**

കൗമാര പ്രായത്തിലുള്ള കുട്ടികളുടെ പഠന – വ്യക്തിത്വ വൈകല്യങ്ങൾ പരിഹരിക്കുന്നതിനും കൗമാര (മാനസിക – ശാരീരിക – ആരോഗ്യ) പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള 'സദ്ഗമയ' പദ്ധതി സംസ്ഥാന തലത്തിൽ സർക്കാർ ഹോമിയോ ആശുപത്രികൾ/ ഡിസ്പെൻസറികൾ വഴി നടത്തി വരുന്നു. സ്കൂൾ കുട്ടികളുടെ ആരോഗ്യ പരിപാലനത്തോടൊപ്പം വ്യക്തിത്വ അപഭ്രംശങ്ങളും പരിഹരിക്കുന്നതിനുള്ള കൗൺസിലിംഗ് അടക്കമുള്ള ചികിത്സാ സേവനങ്ങൾ ഈ സ്ഥാപനങ്ങളിലൂടെ നൽകി വരുന്നു.

**വന്ധ്യതാ നിവാരണ കേന്ദ്രങ്ങൾ**

സന്താന സൗഭാഗ്യമില്ലാതെ വിഷമിക്കുന്ന ദമ്പതികൾക്ക് ഹോമിയോപ്പതി ചികിത്സയിലൂടെ കുട്ടികളുണ്ടാകാൻ സഹായിക്കുന്ന കേന്ദ്രങ്ങളാണ് തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ പ്രധാനമായും പ്രവർത്തിച്ചുവരുന്ന വന്ധ്യതാ നിവാരണ കേന്ദ്രങ്ങൾ (ഇൻഫെർട്ടിലിറ്റി സെന്ററുകൾ). ഹോമിയോപ്പതി ആശുപത്രി/ ഡിസ്പെൻസറികളിലൂടെ പൊതുവിൽ ഇതിനുള്ള ചികിത്സ നൽകി വരുന്നുണ്ടെങ്കിലും വന്ധ്യതാ നിവാരണത്തിന് മാത്രമായി പ്രത്യേകം പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങളിലെ ചികിത്സയിലൂടെ അനപത്യതാ ദു:ഖം അനുഭവിച്ചു വന്നിരുന്ന ഒട്ടനവധി ദമ്പതിമാർക്ക് പ്രയോജനം ലഭിച്ചത് ഈ പദ്ധതിയുടെ വിജയത്തിന്റെ സാക്ഷ്യപത്രങ്ങളാണ്. 2019-20 ൽ കണ്ണൂർ ആസ്ഥാനമായുള്ള ഇൻഫർട്ടിലിറ്റി സെന്ററിനെ മികവിന്റെ കേന്ദ്രമായി (സെന്റർ ഓഫ് എക്സലൻസ്) ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നു.

**സാംക്രമിക രോഗ നിയന്ത്രണ പദ്ധതി**

കമ്മ്യൂണിക്കബിൾ ഡിസീസ് മാനേജ്മെന്റ് പ്രോഗ്രാം(സാംക്രമിക രോഗ നിയന്ത്രണ പദ്ധതി) പ്രകാരം സാംക്രമിക രോഗ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി ജില്ലകൾ തോറും പകർച്ചവ്യാധി മേഖലകളിൽ മെഡിക്കൽ ക്യാമ്പുകളും, സെമിനാറുകളും ആരോഗ്യ ബോധവൽക്കരണ ക്യാമ്പുകളും നടത്തി വരുന്നു. പ്രീ-മൺസൂൺ വേളയിലും വേനൽക്കാല പൂർവ്വഘട്ടത്തിലും സാംക്രമിക രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രതിരോധ മരുന്നുകൾ വിതരണം ചെയ്യുന്നു. സാംക്രമിക രോഗം വ്യപകമാകുന്ന മേഖലകളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ആരോഗ്യ – ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. മെഡിക്കൽ ക്യാമ്പുകളിലൂടെയും, സന്നദ്ധ സംഘടനകൾ മുഖേനയും, റസിഡന്റ്സ് അസോസിയേഷൻ മുഖേനയും ഹോമിയോ പ്രതിരോധ മരുന്നുകൾ വിതരണം ചെയ്യുന്നു.

**ഹോമിയോപ്പതി സ്പെഷ്യാലിറ്റി കെയർ സെന്ററുകൾ**

ആധുനിക ജീവിത ശൈലിയും ഭൂപ്രദേശങ്ങളുടെ സവിശേഷ പ്രത്യേകതകൾ മൂലവും ചില പ്രദേശങ്ങളിൽ കൂടുതലായി കണ്ടുവരുന്ന പ്രത്യേക രോഗങ്ങൾക്കായുള്ള സ്പെഷ്യാലിറ്റി കെയർ സെന്ററുകളിലൂടെ പ്രത്യേക പരിചരണവും ചികിത്സയും നൽകി വരുന്നു.

ഇടുക്കി, തിരുവനന്തപുരം ജില്ലകളിൽ അന്ത:സ്രാവി ഗ്രന്ഥി വൈകല്യം മൂലമുള്ള തൈറോയ്ഡ് തുടങ്ങിയ എൻഡോക്രൈൻ ഡിസോഡറുകൾ പരിഹരിക്കുന്ന സ്പെഷ്യാലിറ്റി കെയർ സെന്ററുകൾ തിരുവനന്തപുരം ആറ്റിങ്ങൽ, മലപ്പുറം ഹോമിയോ ആശുപത്രികളിൽ ആസ്ത്മ, അലർജി ക്ലിനിക്കുകൾ, ഇടുക്കി, മലപ്പുറം ഹോമിയോ ആശുപത്രികളിൽ വാതരോഗ സ്പെഷ്യാലിറ്റി ക്ലിനിക്ക് തുടങ്ങിയവ പ്രവർത്തിച്ചു വരുന്നു. ഇത് കൂടാതെ പലവിധ രോഗങ്ങൾക്കുമുള്ള സ്പെഷ്യാലിറ്റി ക്ലിനിക്കുകളും ജില്ലാ ഹോമിയോ ആശുപത്രികളിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

### മൊബൈൽ ഹോമിയോ ക്ലിനിക്കുകൾ

ഇടുക്കി, വയനാട് ജില്ലകളിലെ ദുർഘട മേഖലകളിൽ പാർക്കുന്നവരുടെ ആരോഗ്യ പരിപാലനത്തിനായി ഹോമിയോപ്പതിയുടെ സേവനം ലഭ്യമാക്കുന്നതിന് സ്പെഷ്യാലിറ്റി മൊബൈൽ ഹോമിയോ ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു.

### ഫ്ലോട്ടിംഗ് ഹോമിയോ ഡിസ്പെൻസറികൾ

ആലപ്പുഴ ജില്ലയിലെ കുട്ടനാട്, ചമ്പക്കുളം, ഹരിപ്പാട് തീരദേശവാസികളായ ജനങ്ങളുടെ ആരോഗ്യപരിപാലനത്തിനായി 3 ഫ്ലോട്ടിംഗ് ഹോമിയോ ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നു.

### തീർത്ഥാടന കേന്ദ്രങ്ങളിൽ ഉത്സവ കാലങ്ങളിലെ താൽക്കാലിക ഹോമിയോ ഡിസ്പെൻസറികൾ

ശബരിമല, പമ്പ, സന്നിധാനം, കുരിശുമല, ആലുവ (ശിവരാത്രി), ഗുരുവായൂർ (ഏകാദശി), മലപ്പുറം ഹജ്ജ് കേന്ദ്രം, ആറ്റുകാൽ (പൊങ്കാല മഹോത്സവം) എന്നിവിടങ്ങളിൽ ഉത്സവ കാലങ്ങളിൽ താൽക്കാലിക ഹോമിയോ ഡിസ്പെൻസറികൾ ആരംഭിച്ച് തീർത്ഥാടകർക്ക് ഓരോ വർഷവും ആതുര സേവനം നൽകി വരുന്നു.

### ജയിലുകൾ/ അനാഥമന്ദിരങ്ങൾ/ വൃദ്ധമന്ദിരങ്ങൾ/ അംഗൻവാടികൾ എന്നിവിടങ്ങളിലെ ഹോമിയോപ്പതി ആതുര സേവനം

കണ്ണൂർ സെൻട്രൽ ജയിൽ, അനാഥമന്ദിരങ്ങൾ, വയോജന മന്ദിരങ്ങൾ, അംഗൻവാടികൾ എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് ഹോമിയോപ്പതി വകുപ്പിലെ സേവന സന്നദ്ധരായ ഡോക്ടർമാർ സൗജന്യ ചികിത്സ നൽകി വരുന്നു.

### പെരിഫറൽ ഒ.പി. സെന്ററുകൾ

ഹോമിയോപ്പതി വകുപ്പിന് കീഴിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന ആതുരാലയങ്ങൾക്ക് പുറമേ പൊതുജനങ്ങളുടെയും, ജനപ്രതിനിധികളുടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, സാമൂഹ്യ/ സന്നദ്ധ സംഘടനാ പ്രവർത്തകരുടെയും അപേക്ഷയും, അഭ്യർത്ഥനകളും കണക്കിലെടുത്ത് സംസ്ഥാനത്ത് വിവിധ ജില്ലകളിലായി നിലവിൽ 40 പെരിഫറൽ ഒ.പി. സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഈ കേന്ദ്രങ്ങളിലൂടെ തദ്ദേശീയരായ പൊതുജനങ്ങൾക്ക് ഹോമിയോപ്പതിയുടെ സേവനവും ചികിത്സയും നൽകി വരുന്നു.

### ഹെപ്പറ്റൈറ്റിസ് ബി ട്രീറ്റ്മെന്റ് സെന്ററുകൾ

ഹെപ്പറ്റൈറ്റ് ബി എന്ന കരൾ രോഗത്തിനുള്ള പ്രത്യേക ചികിത്സയ്ക്കും പരിചരണത്തിനുമായി 2018-19-ൽ തിരുവനന്തപുരം ആറ്റിങ്ങൽ ഹോമിയോ ആശുപത്രിയിൽ ഒരു ഹോമിയോപ്പതിക് ഹെപ്പറ്റൈറ്റിസ് ബി ട്രീറ്റ്മെന്റ് ക്ലിനിക്ക് ആരംഭിക്കുന്നു. ഹെപ്പറ്റൈറ്റിസ് ബി തുടങ്ങിയ കരൾ രോഗങ്ങൾക്ക് ഹോമിയോപ്പതിയുടെ ചികിത്സയും സേവനവും ഈ കേന്ദ്രത്തിലൂടെ നൽകുന്നതാണ്.

### ട്രാൻസ്ജെൻഡേഴ്സ് സ്പെഷ്യാലിറ്റി ക്ലിനിക്ക് (നിസർഗ)

ഈ വർഷം (2018-19) പുതുതായി ഭിന്നലിംഗക്കാരുടെ സാമൂഹ്യ-ആരോഗ്യ-മാനസിക-വ്യക്തിത്വ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേകമായി ഹോമിയോപ്പതി വകുപ്പ് ഒരു ട്രാൻസ്ജെൻഡേഴ്സ് സ്പെഷ്യാലിറ്റി ക്ലിനിക്ക് പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ഈ വർഷം എറണാകുളത്ത് ആരംഭിക്കുന്നു. ഹോമിയോപ്പതി ചികിത്സയോടൊപ്പം നിയമസഹായവും, സാമൂഹ്യ സമത്വവും, സുരക്ഷയും നൽകുവാൻ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു.

(ഒപ്പ്)

സെക്ഷൻ ഓഫീസർ